**കെ. എസ്. ആർ. ടി. സി. ബസ് മെയിന്റനൻസ് നടത്തുന്നതിന് സ്വകാര്യ സ്ഥാപനങ്ങൾക്കു നൽകിയ കരാർ**

73 [3587] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. സി. ബസ്സുകൾ മെയിന്റനൻസ് നടത്തുന്നതിന് സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിക്കാറുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബസ് നൽകിയ കമ്പനികളുമായി ഇവയുടെ മെയിന്റനൻസ് നടത്താൻ കരാറുണ്ടാക്കിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ;

(സി) എങ്കിൽ എങ്ങിനെയെന്നും എത്ര സംഖ്യക്കാണെന്നും വ്യവസ്ഥകൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

*ഉത്തരം*

(എ) ഇല്ല. എന്നാൽ കെ. എസ്. ആർ. സി. ആദ്യമായി നിരത്തിലിറക്കിയ മിനി ബസ്സുകളുടെ കാര്യത്തിൽ വാഹന നിർമ്മാതാക്കൾക്ക് വാർഷിക കരാർ അടിസ്ഥാനത്തിൽ പരിപാലന ചുമതല ഏൽപ്പിച്ചിരുന്നു. ഇപ്പോൾ അത് നിർത്തലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി വാങ്ങിയ മിനി ബസ്സുകളുടെ കാര്യത്തിൽ വാർഷികാടിസ്ഥാനത്തിൽ മെയിന്റനൻസ് നടത്താൻ വാഹന നിർമ്മാതാക്കളുമായി കരാറിൽ ഏൽപ്പിച്ചിരുന്നു.

(സി) വാർഷികാടിസ്ഥാനത്തിൽ മെയിന്റനൻസ് കരാർ വാഹന നിർമ്മാതാക്കളായ ടാറ്റാ മോട്ടോഴസ്, അശോക് ലൈലാന്റ്, ഐഷർ മോട്ടോഴ്സ് എന്നിവരുമായി കരാറിൽ ഏർപ്പെട്ടിരുന്നു. അശോക് ലൈലാന്റിൽ ആദ്യ വർഷം കി. മീറ്ററിൽ 50 പൈസ നിരക്കിൽ ബസ് ഒന്നിന് 3750 രൂപയും, രണ്ടാംവർഷം കി. മീറ്ററിന് 60 പൈസ നിരക്കിൽ ബസ്സൊന്നിന് പ്രതിമാസം 4500 രൂപയും മൂന്നാം വർഷം കി. മീറ്ററിന് 70 പൈസ നിരക്കിൽ ബസ്സൊന്നിന് പ്രതിമാസം 5250 രൂപയും നൽകുന്നതിനാണ് കരാർ. ഇത് യഥാസമയം ടാറ്റാ മോട്ടോഴ്സിൽ 50 പൈസ, 75 പൈസ, 85 പൈസ എന്ന നിരക്കിലും ഐഷർ മോട്ടോഴ്സിന് തുടക്കത്തിൽ 60 പൈസ, 100 പൈസ, 135 പൈസ എന്നീ നിരക്കുകളിലായിരുന്നെങ്കിലും പിന്നീട് നിരക്കുകൾ യഥാക്രമം 50 പൈസ, 60 പൈസ, 70 പൈസ എന്നാക്കി കുറച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly